

## പീഡിതർക്കും പ്രാന്തവത്കൃതർക്കും വേണ്ടി പുതിയ രാഷ്ട്രീയ വേദി പരിഗണനയിൽ

# സമകാലിക സംഭവങ്ങൾ രാഷ്ട്രീയ ജാഗ്രത അനിവാര്യമാക്കുന്നു

ജമാഅത്തെ ഇസ്‌ലാമി ദേശീയ അധ്യക്ഷൻ
**ജലാലുദ്ദീൻ അൻസർ ഉമരി** /യോഗിന്ദർ സിക്കന്ദ്

***ഇന്ത്യയിൽ സ്ഫോടനപരമ്പരകൾ വ്യാപകമാവുകയാണ്. ഇതിന്റെ പേരിൽ മുസ്‌ലിംകൾക്കുനേരെയാണ് മാധ്യമങ്ങളും ഇന്റലിജൻസും വിരൽ ചൂണ്ടുന്നത്. താങ്കൾ എന്തു പറയുന്നു?***

ഭരണകൂട ഒത്താശയോടെ 2002-ൽ ഗുജറാത്തിൽ മുസ്‌ലിംകൾക്കെതിരെ അരങ്ങേറിയ കുരുതികൾക്കുശേഷം ഇടക്കാലത്ത് വർഗീയാതിക്രമങ്ങളിലും വിധ്വംസക പ്രവർത്തനങ്ങളിലും കുറവ് അനുഭവപ്പെട്ടിരുന്നു. പക്ഷേ, സമീപ മാസങ്ങളിലായി രാജ്യത്ത് തുടർച്ചയായ സ്ഫോടന പരമ്പരകൾ അരങ്ങേറുന്നുണ്ട്. നിരവധി പേർക്ക് ഇതുമൂലം ജീവഹാനി സംഭവിക്കുന്നു. കണക്കാക്കാനാവാത്ത നാശനഷ്ടങ്ങൾ വേറെയും. സ്ഫോടനങ്ങൾക്കു തൊട്ടുപിറകെ അറസ്റ്റുകൾ നടക്കുന്നു. പ്രധാനമായും മുസ്‌ലിം യുവാക്കളെയാണ് പോലീസ് പിടികൂടുന്നത്. സർവ സ്ഫോടനങ്ങൾക്കും പിറകിൽ മുസ്‌ലിംകളെ മാധ്യമങ്ങളും നിയമപാലകരും ഇന്റലിജൻസും പഴിചാരുന്നു. എന്നാൽ മാലേഗാവ്, മൊഡാസ എന്നിവിടങ്ങളിലെ സ്ഫോടനങ്ങൾക്കു പിന്നിൽ ഹിന്ദു ഗ്രൂപ്പുകളാണെന്ന അന്വേഷകരുടെ കണ്ടെത്തൽ മുസ്‌ലിംവിരുദ്ധ ആരോപണങ്ങളുടെ അർഥശൂന്യത ബോധ്യപ്പെടുത്തുന്നുണ്ട്. സ്ഫോടനങ്ങളുമായി ബന്ധിപ്പിച്ച് അറസ്റ്റ് ചെയ്യുന്ന മുസ്‌ലിം യുവാക്കളിൽനിന്ന് മർദനമുറകളിലൂടെയാണ് പോലീസ് കുറ്റസമ്മതമൊഴി രേഖപ്പെടുത്താറുള്ളത്. യഥാർഥത്തിൽ ഇത്തരം കുറ്റസമ്മതങ്ങൾക്ക് കോടതി നിയമസാധുത കൽപി

ക്കാറില്ല. എന്നാൽ മൂന്നാംമുറക്കു കീഴിലുള്ള കുറ്റസമ്മതങ്ങളെ വേദവാക്യം പോലെ സ്വീകരിച്ച് മുസ്‌ലിംവിരുദ്ധ പ്രചാരണങ്ങളിൽ മുഴുകുകയാണ് മാധ്യമങ്ങൾ. മുസ്‌ലിംകളെ ഭീകരരായി മുദ്രയടിക്കാനുള്ള പ്രചാരണതന്ത്രം മാത്രമാണിത്.

***അപ്പോൾ സ്‌ഫോടനങ്ങളിൽ മുസ്‌ലിംകൾക്ക് ഒട്ടും പങ്കില്ലെന്നാണോ താങ്കളുടെ നിഗമനം?***

ഇത്തരം വിധ്വംസക പ്രവൃത്തികൾക്കു പിന്നിൽ ഒറ്റ മുസ്‌ലിമും പങ്കാളിയല്ല എന്നല്ല എന്റെ വാദം. ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ദുഷ്‌പേര് വീഴ്ത്തുക എന്ന ലാക്കോടെ ഹിന്ദുത്വ തീവ്രവിഭാഗങ്ങൾ സ്‌ഫോടനങ്ങൾ ആസൂത്രണം ചെയ്യുന്നുവെന്ന വിശ്വാസം ശക്തിപ്പെടുകയാണ്. നിരവധി മാധ്യമങ്ങൾ ഇക്കാര്യം ചൂണ്ടിക്കാണിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇന്ത്യയിലെ ജനങ്ങളെ ശിഥിലീകരിക്കുക, വർഗീയ ധ്രുവീകരണത്തിന് ആഴം വർധിപ്പിക്കുക, ആസന്നമായ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് മുസ്‌ലിംവിരുദ്ധ ഹിസ്റ്റീരിയ സൃഷ്ടിച്ച് ഹിന്ദു വോട്ടുബാങ്കുകൾ ഉറപ്പുവരുത്തുക തുടങ്ങിയ അജണ്ടകളാണ് സ്‌ഫോടനങ്ങളുടെ ലക്ഷ്യം. ഇതിനുവേണ്ടിയുള്ള പ്രചാരണത്തിൽ മാധ്യമങ്ങളും പങ്കുചേരുന്നു. തങ്ങൾക്കുതന്നെ ദോഷം വരുത്തുന്ന പ്രവൃത്തികളിൽ മുസ്‌ലിംകൾ വ്യാപൃതരാകുമെന്ന് വിശ്വസിക്കാൻ സാമാന്യബുദ്ധി അനുവദിക്കുന്നില്ല. കാരണം സ്‌ഫോടനങ്ങൾക്കു പിറകേ അറസ്റ്റ്, വ്യാജ ഏറ്റുമുട്ടൽ എന്നിവ വഴി പീഡനത്തിനിരകളാകുന്നത് എപ്പോഴും മുസ്‌ലിം യുവാക്കൾതന്നെ. മാത്രമല്ല, പള്ളികൾ, ദർഗകൾ, ഖബ്ർസ്ഥാനുകൾ എന്നീ മുസ്‌ലിം മേഖലകൾ ലക്ഷ്യമിട്ടാണ് മിക്ക സ്‌ഫോടനങ്ങളും അരങ്ങേറാറുള്ളത്. ഇവക്കു പിന്നിലെ യഥാർഥ പ്രതികളെ എന്തുകൊണ്ട് കണ്ടെത്താൻ കഴിയുന്നില്ല? ഹിന്ദു വിഭാഗങ്ങൾ നിരവധി വിധ്വംസക നടപടികളും ന്യൂനപക്ഷവിരുദ്ധ ആക്രമണങ്ങളും നടത്തിയിട്ടും എന്തുകൊണ്ടവയെ ഭീകരകൃത്യമെന്നു വിശേഷിപ്പിക്കാൻ മാധ്യമങ്ങൾ മടിക്കുന്നു?

> മുസ്‌ലിംവിരുദ്ധ മുൻവിധികൾ ശക്തമാവുകയും മുസ്‌ലിംകൾക്കു നേരെയുള്ള ആക്രമണങ്ങൾ പെരുകുകയും മുസ്‌ലിംകളെ രണ്ടാംകിട പൗരന്മാരാക്കി അടിച്ചമർത്താൻ ഫാഷിസ്റ്റുകക്ഷികൾ കിണഞ്ഞു ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന വർത്തമാന സാഹചര്യമാണ്, രാഷ്ട്രീയമായി സജീവമാകേണ്ടതുണ്ടെന്ന് ഓർമിപ്പിക്കാൻ ജമാഅത്തെ ഇസ്‌ലാമിയെ പ്രേരിപ്പിക്കുന്നത്. പുതിയ രാഷ്ട്രീയ പാർട്ടി രൂപവത്കരിച്ചുകൊണ്ടാകാം ഈ രാഷ്ട്രീയ ജാഗ്രത. അത്തരമൊരു പാർട്ടി രൂപവത്കരണത്തെ സഹായിക്കാനാണ് ജമാഅത്ത് ആഗ്രഹിക്കുന്നത്.




ഒരു കാര്യം കൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. സ്‌ഫോടന സംഭവങ്ങളെ ഇന്ത്യയിലെ എല്ലാ മുസ്‌ലിം സംഘടനകളും തുറന്ന് അപലപിക്കുന്നുണ്ട്. നിരപരാധികളുടെ ജീവൻ അപഹരിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ രാജ്യത്തെ ശിഥിലീകരിക്കുമെന്ന മുന്നറിയിപ്പും മുസ്‌ലിം സംഘടനകൾ നൽകുകയുണ്ടായി. നീതിപൂർവകമായ അന്വേഷണങ്ങൾ വഴി പ്രതികളെ നിയമത്തിനു മുമ്പിൽ ഹാജരാക്കാനും ഈ സംഘടനകൾ ആവശ്യപ്പെട്ടുവരുന്നുണ്ട്. നിർഭാഗ്യകരമെന്നു പറയട്ടെ, നിഷ്പക്ഷമായ ഒരന്വേഷണവും നടക്കുന്നില്ല. ബട്‌ല ഹൗസിൽ രണ്ട് മുസ്‌ലിം യുവാക്കളെ പോലീസ് വധിച്ച സംഭവം പരിശോധിക്കുക. ഇതു സംബന്ധിച്ച പോലീസ് ഭാഷ്യത്തെ മുസ്‌ലിം സംഘടനകൾ മാത്രമല്ല, മതേതര സംഘടനകളും ശക്തമായി ചോദ്യം ചെയ്യുകയുണ്ടായി. സംഭവത്തെക്കുറിച്ച് സ്വതന്ത്രാന്വേഷണം വേണമെന്ന ആവശ്യം വിവിധ സംഘടനകൾ ഉന്നയിച്ചു. തികച്ചും ജനാധിപത്യപരമായ ഈ ആവശ്യം പോലും സർക്കാർ ഇനിയും മുഖവിലക്കെടുത്തിട്ടില്ല. അന്വേഷണത്തിൽ പോലീസ് ഭാഷ്യം തെറ്റാണെന്ന് വെളിപ്പെട്ടാൽ അത് പോലീസിന്റെ ആത്മവീര്യത്തെ ക്ഷയിപ്പിക്കുമെന്നതുകൊണ്ട് അന്വേഷണം വേണ്ട എന്ന വാദഗതിയും കേൾക്കാനിടയായി. അതിവിചിത്രം തന്നെ ഇത്തരം അസംബന്ധ വാദങ്ങൾ.

***അപ്പോൾ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വല്ല പോംവഴിയും നിർദേശിക്കാമോ?***

നീതിയും നിയമവും യഥാവിധി നടപ്പാക്കുക, നീതിപൂർവകമായ അന്വേഷണങ്ങളിലൂടെ കുറ്റവാളികളെ കണ്ടെത്തി ശിക്ഷിക്കുക എന്നതു മാത്രമാണ് പോംവഴി. എന്നാൽ ഡസൻ കണക്കിനു കേസുകളിൽ തോന്നിയപടി മുസ്‌ലിംകളെ അറസ്റ്റ് ചെയ്ത് പോലീസും മാധ്യമങ്ങളും ഇന്റലിജൻസും അവരെ ഭീകരമുദ്ര ചാർത്തി വേട്ടയാടിക്കൊണ്ടിരിക്കുന്നതിനാണ് രാജ്യം സാക്ഷ്യം വഹിക്കുന്നത്. സ്‌ഫോടനങ്ങളെ സംബന്ധിച്ച് നിഷ്പക്ഷാന്വേഷണം നടത്തി മതപരിഗണനയില്ലാതെ, മുഖം നോക്കാതെ, നിയമാനുസൃതം കുറ്റക്കാരെ ശിക്ഷിക്കാൻ അധികൃതർ തയാറാകണമെന്നാണ് ഞങ്ങൾക്ക് ആവശ്യപ്പെടാനുള്ളത്.




ദൽഹിയിൽ മുസ്‌ലിം സംഘടനകളുടെ ഏകോപന സമിതി സംഘടിപ്പിച്ച സമ്മേളനത്തിൽ ദേവഗൗഡ, സീതാറാം യച്ചൂരി എന്നിവരോടൊപ്പം ജലാലുദ്ദീൻ ഉമരി

***സ്ഫോടനത്തിനു പിന്നിൽ നിരോധിക്കപ്പെട്ട സിമിക്കു പങ്കുള്ളതായി ആരോപണമുണ്ടല്ലോ? അതേക്കുറിച്ച് എന്തു പറയുന്നു? ജമാഅത്തെ ഇസ്‌ലാമിയുടെ യുവജനവിഭാഗമായിരുന്നില്ലേ സിമി?***

ഒരു കാര്യം വ്യക്തമാക്കട്ടെ, സിമി ജമാഅത്തെ ഇസ്‌ലാമിയുടെ യുവജനവിംഗ് ആയിരുന്നില്ല. എസ്.ഐ.ഒ ആണ് ജമാഅത്തിന്റെ വിദ്യാർഥി-യുവജനവിഭാഗം. 1992-ൽ സിമി മുംബൈയിൽ 'ഇഖ്‌വാനെ ഉമ്മ' എന്ന പേരിൽ ഒരു സമ്മേളനം സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ സംയമനമില്ലാത്ത തീവ്രഭാഷ അവർ ഉപയോഗിച്ചു. അതോടെ സിമി സംഘടിപ്പിക്കുന്ന അത്തരം സമ്മേളനങ്ങളിൽ പ്രതിനിധികളെ അയക്കേണ്ടതില്ലെന്ന് ജമാഅത്തെ ഇസ്‌ലാമി തീരുമാനിക്കുകയുണ്ടായി. അവരുടെ അപക്വ സമീപനങ്ങൾ തെറ്റാണെന്നും ഇന്ത്യൻ സാഹചര്യത്തിൽ അപ്രായോഗിക രീതികൾ പിൻപറ്റുന്നത് ഇസ്‌ലാമിനുതന്നെ നിരക്കാത്തതാണെന്നും ഞങ്ങൾ അവരെ ബോധ്യപ്പെടുത്തുകയുണ്ടായി.

നിരോധിക്കപ്പെടുന്നതിനു മുമ്പേ തന്നെ സിമിയുടെ സ്വാധീനം അങ്ങേയറ്റം പരിമിതമായിരുന്നു. മാധ്യമങ്ങൾ വരച്ചുകാട്ടുന്നതുപോലെ വൻസ്വാധീനമുള്ള സംഘടനയല്ല സിമി. അതേസമയം മറ്റൊരു വസ്തുത കൂടി ചൂണ്ടിക്കാട്ടേണ്ടിയിരിക്കുന്നു. സിമി വിധ്വംസക പ്രവർത്തനങ്ങളിൽ മുഴുകിയതായി ഒരു കോടതിയിലും ഇതുവരെ തെളിയിക്കപ്പെട്ടിട്ടില്ല. *തെഹൽക*യിലെ അജിത് സാഹിയെ പോലുള്ള പത്രപ്രവർത്തകർ ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്. ആരോപിക്കപ്പെട്ടതുപോലെ സിമി ഭീകരതയുമായി കൈകോർക്കുന്നുണ്ടെങ്കിൽ നിരോധനത്തിനു മുമ്പേ തന്നെ എന്തുകൊണ്ട് അവർ അത്തരം പ്രവർത്തനങ്ങളിൽ മുഴുകിയില്ല? നിരോധിക്കപ്പെടുകയും നേതാക്കൾ അറസ്റ്റിലാവുകയും അണികൾ ഇന്റലിജൻസ് നിരീക്ഷണത്തിലാവുകയും ചെയ്ത ഘട്ടത്തിൽ അവർക്കെങ്ങനെ സ്ഫോടനങ്ങൾ ആസൂത്രണം ചെയ്യാനാകും? എന്നാൽ ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കാൻ മാധ്യമങ്ങൾ സന്നദ്ധമല്ല.

***ജനാധിപത്യം, മതനിരപേക്ഷത എന്നിവക്ക് നിരക്കാത്ത ആഹ്വാനങ്ങളാണ് സിമി മുഴക്കിക്കൊണ്ടിരുന്നത്. അറബ് ലോകത്തെ ചില തീവ്രവാദ ഗ്രൂപ്പുകളുടെ മുറവിളികൾക്ക് സമാനമല്ലേ അത്? ഈ സമീപനത്തെക്കുറിച്ച് താങ്കൾ എന്തു പറയുന്നു?***

അപക്വസമീപനങ്ങളെ തെറ്റായിട്ടാണ് ഞാൻ കാണുന്നത്. മാത്രമല്ല അത് വിപരീതഫലം സൃഷ്ടിക്കാനുമിടയാക്കും. ഇവിടെ ശ്രദ്ധയിൽ പതിയേണ്ട മറ്റൊരു യാഥാർഥ്യം കൂടിയുണ്ട്. സിമിയുടെ പ്രവർത്തനങ്ങൾ ചില മുദ്രാവാക്യങ്ങളിലും വായ്ത്താരികളിലും പരിമിതമാണ്. അപക്വമായ എടുത്തുചാട്ടങ്ങൾ കടുത്ത അടിച്ചമർത്തൽ നടപടികൾ ക്ഷണിച്ചുവരുത്തുമെന്ന് അവർക്ക് നന്നായി അറിയാം. ഇസ്‌ലാമിനുവേണ്ടി പ്രവർത്തിക്കാൻ സമാധാനപരമായ മാർഗങ്ങളാണ് ഏകവഴിയെന്ന് ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ തിരിച്ചറിയുന്നുണ്ട്. തെരഞ്ഞെടുപ്പുകളിൽ പങ്കെടുത്തുകൊണ്ട് അവർ ജനപിന്തുണ ആകർഷിക്കുന്നു. പാകിസ്താൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിലെ ജമാഅത്തെ ഇസ്‌ലാമി, ഈജിപ്തിലെ മുസ്‌ലിം ബ്രദർഹുഡ്, തുർക്കിയിലെ റഫാഹ് പാർട്ടി തുടങ്ങിയവ തന്നെ അതിന്റെ ദൃഷ്ടാന്തങ്ങൾ. സമാധാനപരമായ മാർഗങ്ങളാണ് ഈ സംഘടനകൾ അവലംബിച്ചുവരുന്നത്.

> ക്രിയാത്മകമായ ഒരു അജണ്ട ആവിഷ്കരിക്കുന്നതിന് ഇതര മുസ്‌ലിം സംഘടനകളുമായി ജമാഅത്തെ ഇസ്‌ലാമി അടുത്തകാലത്ത് സജീവ സംഭാഷണങ്ങൾ നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ബി.ജെ.പി, കോൺഗ്രസ് എന്നിവ ഒഴികെയുള്ള രാഷ്ട്രീയ പാർട്ടി നേതാക്കളെ ക്ഷണിച്ചുകൊണ്ട് ദൽഹിയിൽ വൈകാതെ ചർച്ചായോഗം വിളിച്ചുചേർക്കാനും തീരുമാനിച്ചിട്ടുണ്ട്. സാമൂഹിക മനുഷ്യാവകാശ ഗ്രൂപ്പുകളുടെ പങ്കാളിത്തവും പ്രസ്തുത യോഗത്തിലുണ്ടാകും.

***അപ്പോൾ സിമി ഉൾപ്പെടെയുള്ള ചില തീവ്രവാദി ഗ്രൂപ്പുകൾ ശ്രമിക്കുന്നതുപോലെ ഹിംസാത്മക മാർഗങ്ങളിലൂടെ അധികാരം പിടിക്കാൻ ശ്രമിക്കുന്നത് തെറ്റാണെന്നാണോ താങ്കളുടെ വിലയിരുത്തൽ?***

സമാധാനത്തിന്റെ പാത ഉപേക്ഷിച്ച് സംഘർഷത്തിന്റെ വഴി സ്വീകരിക്കുന്നത് വിപരീത ഫലമേ ഉളവാക്കൂ എന്ന കാര്യം ഞാൻ നേരത്തേ തന്നെ സൂചിപ്പിച്ചുവല്ലോ? സമാധാനപരമായ പ്രവർത്തനങ്ങളിലൂടെ മാത്രമേ ആഗ്രഹിക്കുന്ന സാമൂഹിക പരിവർത്തനം സൃഷ്ടിക്കാനാകൂ. അതേസമയം അക്രമത്തിലൂടെ അധികാരം പിടിച്ചടക്കാൻ സിമി ലക്ഷ്യമിടുന്നു എന്ന താങ്കളുടെ പരാമർശം ശരിയല്ല. മറ്റൊരു വസ്തുത കൂടി ഇവിടെ എടുത്തുപറയേണ്ടതുണ്ട്. ജനാധിപത്യരീതിയിലുള്ള തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുക എന്നത് ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ മുമ്പാകെയുള്ള വഴിയാണെങ്കിലും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ജനാധിപത്യ രീതിയിൽ അധികാരത്തിലേറാൻ ശ്രമിക്കുന്നിടങ്ങളിൽ വിഘാതങ്ങൾ സൃഷ്ടിക്കാൻ പാശ്ചാത്യ രാഷ്ട്രങ്ങൾ കിണഞ്ഞു ശ്രമിക്കുന്നു. അൾജീരിയയിലും തുർക്കിയിലുമെല്ലാം ഈ പാശ്ചാത്യ ഇരട്ടത്താപ്പിന്റെ പ്രത്യാഘാതങ്ങൾ പ്രകടമാണ്.

***സ്ഫോടനങ്ങളുടെയും അന്യായ അറസ്റ്റുകളുടെയും പശ്ചാത്തലത്തിൽ എന്തായിരിക്കണം മുസ്‌ലിംകൾ സ്വീകരിക്കേണ്ട രാഷ്ട്രീയ നയം? പ്രത്യേകിച്ച് പൊതുതെരഞ്ഞെടുപ്പ് ആസ***

***ന്നമായിരിക്കെ ജമാഅത്തെ ഇസ്‌ലാമി അധ്യക്ഷനെന്ന നിലയിൽ താങ്കളുടെ നിലപാട് വിശദീകരിക്കാമോ?***

വൈകാരിക സമീപനങ്ങൾ പാടേ ഉപേക്ഷിക്കുക എന്നതാണ് എനിക്ക് മുസ്‌ലിം സമൂഹത്തിന് നൽകാനുള്ള ഉപദേശം. അവകാശങ്ങൾ നേടിയെടുക്കാൻ നിയമാനുസൃതവും സമാധാനപരവുമായ മാർഗങ്ങൾ അവലംബിക്കാം. വിധ്വംസക പ്രവർത്തനങ്ങളിൽനിന്ന് അവർ തീർത്തും വിട്ടുനിൽക്കണം. അമുസ്‌ലിംകളുമായി സംഭാഷണത്തിനുള്ള പാലങ്ങൾ തീർക്കണം. മാധ്യമ, രാഷ്ട്രീയ രംഗങ്ങളിലുള്ളവരുമായി സമ്പർക്കം സ്ഥാപിക്കുകയും വേണം.

ക്രിയാത്മകമായ ഒരു അജണ്ട ആവിഷ്കരിക്കുന്നതിന് ഇതര മുസ്‌ലിം സംഘടനകളുമായി ജമാഅത്തെ ഇസ്‌ലാമി അടുത്തകാലത്ത് സജീവ സംഭാഷണങ്ങൾ നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ബി.ജെ.പി, കോൺഗ്രസ് എന്നിവ ഒഴികെയുള്ള രാഷ്ട്രീയ പാർട്ടി നേതാക്കളെ ക്ഷണിച്ചുകൊണ്ട് ദൽഹിയിൽ വൈകാതെ ചർച്ചായോഗം വിളിച്ചുചേർക്കാനും തീരുമാനിച്ചിട്ടുണ്ട്. സാമൂഹിക മനുഷ്യാവകാശ ഗ്രൂപ്പുകളുടെ പങ്കാളിത്തവും പ്രസ്തുത യോഗത്തിലുണ്ടാകും.

മുസ്‌ലിംകളെ വോട്ടുബാങ്ക് മാത്രമായാണ് കോൺഗ്രസ് കണക്കാക്കിവരുന്നത്. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ പോലും മുസ്‌ലിംകൾ പീഡനമേറ്റുവാങ്ങുന്നു. അത് തടയുന്നതിൽ നിഷ്ക്രിയമാണ് ആ പാർട്ടി. ഹിന്ദു വോട്ടുകൾ ബി.ജെ.പി പക്ഷത്തേക്ക് ഒഴുകുമെന്ന ആധിമൂലം മുസ്‌ലിംകളുടെ പ്രശ്നത്തിൽ കോൺഗ്രസ് മൗനം ദീക്ഷിക്കുന്നു. അതിനാൽ കോൺഗ്രസും ബി.ജെ.പിയും തമ്മിൽ കാര്യമായ വ്യത്യാസങ്ങളൊന്നുമില്ലെന്ന് മുസ്‌ലിംകൾ ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു.

ഈ സാഹചര്യത്തിൽ പല സംസ്ഥാനങ്ങളിലും കോൺഗ്രസ്സിനും ബി.ജെ.പിക്കും ബദലായി രംഗത്തുവരുന്ന പാർട്ടികൾക്ക് പിന്തുണ നൽകുന്നതാണ് മുസ്‌ലിംകൾക്ക് കരണീയമായിട്ടുള്ളത്. എന്നാൽ ഇത്തരം ബദലുകൾ ഇല്ലാത്ത ഇടങ്ങളിൽ ബി.ജെ.പിക്കു പകരം കോൺഗ്രസിനെ പിന്തുണക്കുന്നതാകും ഉചിതം.

***ഒരു മുസ്‌ലിം രാഷ്ട്രീയ കക്ഷിക്ക് രൂപം നൽകാൻ ചർച്ചകൾ നടക്കുന്നതായി ശ്രുതിയുണ്ട്. ജമാഅത്തെ ഇസ്‌ലാമി രാഷ്ട്രീയത്തിൽ പ്രവേശിക്കാൻ ഒരുങ്ങുന്നതായും കേൾക്കുന്നു. ശരിയാണോ?***

മുസ്‌ലിംകൾക്കെതിരെ മുൻവിധികൾ ശക്തിപ്പെടുകയും മുസ്‌ലിംകളുടെ ന്യായമായ ആവലാതികൾ പോലും അവഗണിക്കപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ രാഷ്ട്രീയത്തിൽ മുസ്‌ലിംകൾ അവരുടെ സ്ഥാനം ഉറപ്പുവരുത്തേണ്ടത് അടിയന്തര ആവശ്യമായി മാറുകയാണ്. പ്രത്യേക ലോബിക്ക് രൂപം നൽകുന്നതിലൂടെയോ അഭിപ്രായ രൂപീകരണവേദികൾ ആവിഷ്കരിച്ചുകൊണ്ടോ രാഷ്ട്രീയ പാർട്ടിക്കുതന്നെ രൂപംനൽകിയോ ഈ ലക്ഷ്യം നിർവഹിക്കാം. ആ വഴിക്കുള്ള ചില ശ്രമങ്ങൾ ഇപ്പോൾ നടന്നുവരികയാണ്. അതൊരു രാഷ്ട്രീയ കക്ഷിയായി കലാശിക്കുമോ എന്ന് ഇപ്പോൾ പറയാൻ സാധിക്കില്ല. ആസന്നമായ തെരഞ്ഞെടുപ്പിനു മുമ്പ് ഏതായാലും അത്തരമൊരു പാർട്ടി രൂപവത്കരിക്കപ്പെടില്ല. കാരണം ഹ്രസ്വമായ മാസങ്ങൾ മാത്രമാണ് ശേഷിക്കുന്നത്. നിലവിലെ നയനിലപാടുകൾ തുടരാനാണ് ജമാഅത്തെ ഇസ്‌ലാമിയുടെ തീരുമാനം. വർഗീയ ഫാഷിസത്തെ ചെറുക്കുന്നതിനും ദലിതുകൾ, ക്രിസ്ത്യാനികൾ, സിക്കുകാർ, മുസ്‌ലിംകൾ തുടങ്ങിയ എല്ലാ പാർശ്വവത്കൃത സമൂഹങ്ങൾക്കും സാമൂഹികനീതി ലഭ്യമാക്കുന്നതിനും ജമാഅത്ത് ശ്രമിക്കും.

***ഇതുവരെ രാഷ്ട്രീയത്തിൽനിന്ന് വിട്ടുനിന്ന ജമാഅത്ത് ഇപ്പോൾ ആ രംഗത്ത് സജീവമാകാൻ തീരുമാനിച്ചതിനു പിന്നിലെ കാരണം വ്യക്തമാക്കാമോ?***

ജമാഅത്തെ ഇസ്‌ലാമി രാഷ്ട്രീയത്തിൽനിന്ന് വിട്ടുനിൽക്കുകയായിരുന്നു എന്നു പറയുന്നത് ശരിയല്ല. ഇസ്‌ലാമിനെ സമ്പൂർണ ജീവിതവ്യവസ്ഥയായാണ് ജമാഅത്ത് മനസ്സിലാക്കുന്നത്. ഇസ്‌ലാം പ്രാർഥനയെക്കുറിച്ച് മാത്രമല്ല, സാമൂഹിക കാര്യങ്ങളെക്കുറിച്ചും രാഷ്ട്രീയവും സാമ്പത്തികവുമായ വിഷയങ്ങളെ സംബന്ധിച്ചും സംസാരിക്കുന്നു. ഇസ്‌ലാമിന്റെ സമഗ്രത ഉൾക്കൊണ്ട് സമകാലിക സാഹചര്യങ്ങളിൽ എത്രമാത്രം പ്രവർത്തിക്കാനാകും എന്നതാണ് പ്രശ്നം. നയപരിപാടികളിൽ നവീകരണത്തിനു സന്നദ്ധതയുള്ള സംഘടനയാണ് ജമാഅത്തെ ഇസ്‌ലാമി. മതേതര ജനാധിപത്യ പാർട്ടികളുമായി ബന്ധം പുലർത്താൻ പ്രവർത്തകർക്ക് ജമാഅത്ത് സദാ നിർദേശം നൽകിക്കൊണ്ടിരിക്കുന്നു. ആ പാർട്ടികൾക്ക് മുമ്പിൽ ജമാഅത്തിന്റെ നിലപാടുകൾ സമർപ്പിക്കുകയും ചെയ്തുവരുന്നു. മുസ്‌ലിംവിരുദ്ധ മുൻവിധികൾ ശക്തമാവുകയും മുസ്‌ലിംകൾക്കു നേരെയുള്ള ആക്രമണങ്ങൾ പെരുകുകയും മുസ്‌ലിംകളെ രണ്ടാംകിട പൗരന്മാരാക്കി അടിച്ചമർത്താൻ ഫാഷിസ്റ്റുകക്ഷികൾ കിണഞ്ഞു ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന വർത്തമാന സാഹചര്യമാണ്, രാഷ്ട്രീയമായി സജീവമാകേണ്ടതുണ്ടെന്ന് ഓർമിപ്പിക്കാൻ ജമാഅത്തെ ഇസ്‌ലാമിയെ പ്രേരിപ്പിക്കുന്നത്. പുതിയ രാഷ്ട്രീയ പാർട്ടി രൂപവത്കരിച്ചുകൊണ്ടാകാം ഈ രാഷ്ട്രീയ ജാഗ്രത. അത്തരമൊരു പാർട്ടി രൂപവത്കരണത്തെ സഹായിക്കാനാണ് ജമാഅത്ത് ആഗ്രഹിക്കുന്നത്.

മുസ്‌ലിംകളുടെ മാത്രമല്ല, എല്ലാ വിഭാഗങ്ങളുടെയും സാമൂഹിക നീതിക്കും യഥാർഥ ജനാധിപത്യത്തിനും വേണ്ടി പരിശ്രമിക്കുക എന്നതായിരിക്കും പുതിയ പാർട്ടിയുടെ - അത്തരമൊന്നു രൂപീകൃതമാകുന്നപക്ഷം- മുഖ്യ അജണ്ട. പീഡിതരും പാർശ്വവത്കൃതരുമായ സർവ വിഭാഗങ്ങൾക്കും വേണ്ടിയാവും അത് നിലകൊള്ളുക. അതിനെ ജമാഅത്തെ ഇസ്‌ലാമിയുടെ മാത്രം പാർട്ടിയാക്കാനും ഉദ്ദേശ്യമി

***ഏതെല്ലാം പ്രശ്നങ്ങളാകും ആ പാർട്ടി ഏറ്റെടുക്കുക?***

നേരത്തേ സൂചിപ്പിച്ചതുപോലെ അതുമായി ബന്ധപ്പെട്ട വിശദമായ ചർച്ചകൾ ഇതുവരെ നടക്കുകയുണ്ടായിട്ടില്ല. അന്തിമ ചിത്രം ലഭിക്കാൻ ഇനിയും സമയം പിടിക്കും. മുസ്‌ലിംകളുടെ മാത്രമല്ല, എല്ലാ വിഭാഗങ്ങളുടെയും സാമൂഹിക നീതിക്കും യഥാർഥ ജനാധിപത്യത്തിനും വേണ്ടി പരിശ്രമിക്കുക എന്നതായിരിക്കും പുതിയ പാർട്ടിയുടെ - അത്തരമൊന്നു രൂപീകൃതമാകുന്നപക്ഷം-മുഖ്യ അജണ്ട. പീഡിതരും പാർശ്വവത്കൃതരുമായ സർവ വിഭാഗങ്ങൾക്കും വേണ്ടിയാവും അത് നിലകൊള്ളുക. അതിനെ ജമാഅത്തെ ഇസ്‌ലാമിയുടെ മാത്രം പാർട്ടിയാക്കാനും ഉദ്ദേശ്യമില്ല. ഇതര സംഘടനകളുടെ പങ്കാളിത്തവും സഹകരണവും തേടിയാണ് ആ പാർട്ടി പ്രവർത്തിക്കുക. അത്തരമൊരു പാർട്ടിക്ക് രൂപം നൽകാൻ മുൻകൈയെടുത്ത് വേണ്ട നിർദേശങ്ങൾ നൽകാനാണ് ജമാഅത്തെ ഇസ്‌ലാമി ആലോചിക്കുന്നത്. ■

(www.twocircles.net)

**വിവ: വി.പി.എ അസീസ്**